ഹോംഗാർഡുകളുടെ വേതനം

227 (3049) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോംഗാർഡുകൾക്ക് നിലവിൽ നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വേതനം ഇതര താൽക്കാലിക ജീവനക്കാരുടെ പ്രതിഫലം, ജീവിത സാഹചര്യങ്ങൾ, വിലക്കയറ്റം എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ വിഭാഗത്തിന്റെ വേതന വർദ്ധനവിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഹോംഗാർഡുകൾക്ക് എത്ര രൂപയാണ് യൂണിഫോം അലവൻസായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ ; ഒരേ ജോലി ചെയ്യുന്നവർക്ക് വ്യത്യസ്ത യൂണിഫോം അലവൻസ് നൽകുന്നത് പരിഹരിക്കുന്നതിനും ഹോംഗാർഡുകളുടെ യൂണിഫോം അലവൻസ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹോം ഗാർഡുകൾക്ക് ഡ്യൂട്ടി നിർവ്വഹിക്കുന്ന ദിവസങ്ങളിൽ 400 രൂപ വീതം നൽകിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ഹോം ഗാർഡുകൾക്ക് പ്രതിവർഷം 1000 രൂപയാണ് യൂണിഫോം അലവൻസായി നൽകിവരുന്നത്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് യൂണിഫോം അവലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കുറ്റകൃത്യങ്ങളും നടപടികളും

228 (3050) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്നും ഈ നടപടികൾ കൊണ്ട് എത്രമാത്രം പ്രയോജനമുണ്ടായി എന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly